# വാഴക്കാട് ഗ്രാമപഞ്ചായത്ത്

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം

വാർഷിക പദ്ധതി 2011-12

# കരട് പദ്ധതി രേഖ
# 2011-2012



ബഹുമാന്യരെ,

കേരളപ്പിറവി ദിനമായ നവംബർ 1ന് അധികാരമേറ്റ പുതിയ ഭരണ സമിതി 2011-12 ലേക്കുള്ള പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ശ്രമത്തിലാണ്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആരവം മുഴങ്ങുന്നതിന് മുമ്പ് പദ്ധതി ആസൂത്രണം പൂർത്തീകരിക്കേണ്ടതുണ്ട്. 50% വനിതാ സംവരണം നിലവിൽ വന്ന ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ വിജയിച്ചു വന്ന ഏറെപേരും പുതുമുഖങ്ങളാണ്. പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും വനിതകൾആണ് എന്നതിന് പുറമെ വിജയിച്ചു വന്ന അംഗങ്ങളിൽ 19 ൽ 11 ഉം വനിതകളാണ് എന്നതും ഇത്തവണത്തെ പ്രത്യേകതയാണ്.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ നാം ആസൂത്രണം ചെയ്യാൻ പോവുന്നത്, എന്നാൽ അടുത്ത 5 വർഷത്തേക്കുള്ള ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള തുടക്കം കൂടിയാവണം ഇപ്പോഴത്തെ പ്രവർത്തനങ്ങൾ

കാർഷിക മേഖലയിൽ സജീവമായ ഇടപെടൽ, ജൈവകൃഷിയിലേക്കുള്ള ചുവടുമാറ്റം, വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കൽ, ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള പരിപാടികൾ, വിവിധ മേഖലകളിലെ ക്ഷേമ പ്രവർത്തനങ്ങളും സേവന പദ്ധതികളും കാര്യക്ഷമമാക്കൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തൽ, ഖരമാലിന്യ നിമജ്ജത്തിന് പദ്ധതി പ്രാവർത്തികമാക്കൽ, അടിസ്ഥാന സൗകര്യങ്ങളിൽ നിലവിലുള്ളവയുടെ സംരക്ഷണം പുതിയ നിർമ്മാണം തുടങ്ങി എല്ലാ മേഖലകളിലും നമ്മുടെ സജീവ ശ്രദ്ധ പതിയേണ്ടതുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ വികസനവും, വൃദ്ധ വികലാംഗ ക്ഷേമ പദ്ധതികളും, വനിതാ ക്ഷേമ പ്രവർത്തനങ്ങളും ഒക്കെ കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കാൻ നമുക്ക് സാധിക്കണം.

പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ സുതാര്യവും, സമയബന്ധിതവും ആക്ഷേപരഹിതവും ആക്കാനുള്ള ശ്രമം ഫലപ്രാപ്തിയിലെത്താനുള്ള പരിശ്രമം തുടരുകയാണ്.

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, വനിതാ ശാക്തീകരണം, തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾ എല്ലാം പുരോഗതിയിടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നത് ആശാവഹമാണ്.

മഹാത്മജി വിഭാവനം ചെയ്ത ***സ്വയം പര്യാപ്ത ഗ്രാമം*** എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമത്തിൽ നമുക്കെല്ലാവർക്കും പങ്കു ചേരാം. എല്ലാവരുടെയും കൂട്ടായ പ്രവർത്തനവും സഹകരണവും ഉണ്ടാവണം എന്ന് ആത്മാർത്ഥമായി അഭ്യർത്ഥിച്ചുകൊണ്ട് അടുത്ത സാമ്പത്തിക വർഷത്തെ കരട് പദ്ധതി രേഖ സവിനയം നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

എന്ന്,

***പി. ശാന്ത***

*(പ്രസിഡണ്ട്, വാഴക്കാട് ഗ്രാമപഞ്ചായത്ത്)*

വാഴക്കാട്

10-02-2011

# വാഴക്കാട് ഗ്രാമപഞ്ചായത്ത്
# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പാർലിമെന്റ് മണ്ഡലം | : | മലപ്പുറം |
| അസംബ്ലി മണ്ഡലം | : | കൊണ്ടോട്ടി |
| ജില്ല | : | മലപ്പുറം |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊണ്ടോട്ടി |
| താലൂക്ക് | : | ഏറനാട് |
| വിസ്തീർണ്ണം | : | 23.78 ച.കി.മി |
| അതിരുകൾ വടക്ക് | : | ചാലിയാർ പുഴ |
| കിഴക്ക് | : | ചാലിയാർ പുഴയും ചീക്കോട് പഞ്ചായത്തും |
| തെക്ക് | : | ചീക്കോട്, പുളിക്കൽ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വാഴയൂർ പഞ്ചായത്ത് |
| ജനസംഖ്യ (2001 സെൻസസ്) | : | 31290 |
| പുരുഷൻമാർ | : | 15502 |
| സ്ത്രീകൾ | : | 15788 |
| ജനസാന്ദ്രത | : | 1120 |
| അക്ഷരാഭ്യാസമുള്ളവർ | : | 24542 |
| ആകെ വാർഡുകൾ | : | 19 |



**ഇ. അഹമ്മദ്**

(കേന്ദ്ര വിദേശകാര്യ സഹ മന്ത്രി)



**കെ. മുഹമ്മദുണ്ണിഹാജി**

**എം. എൽ. എ**

**വനജ ടീച്ചർ**

*(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ജില്ലാ പഞ്ചായത്ത്)*



**വി. കെ സുബൈദ**

*(ജില്ലാ പഞ്ചായത്ത് മെമ്പർ)*



**സി. എം. എ റഹ്മാൻ**

*(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)*

**മൂസ ഫൗലോദ്**

*(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)*



**കുഴിമുള്ളി ഗോപാലൻ**

*(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)*

# ഭരണസമിതി



**പി. ശാന്ത**
(പ്രസിഡണ്ട്)



**ആലുങ്ങൽ ആമിന**
(വൈസ് പ്രസിഡണ്ട്)



**പി. അബൂബക്കർ**
(ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മറ്റി)



**എം.പി. അബ്ദുള്ള**
(ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി)



**കെ. ഷറഫുന്നിസ**
(ചെയർ പേഴ്സൺ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി)



**പി.കെ.റഫീഖ് അഫ്സൽ**
(മെമ്പർ)



**ബീരാൻ ആക്കോട്**
(മെമ്പർ)



**കെ.പി ബൽക്കീസ്**
(മെമ്പർ)



**എം. മറിയം**
(മെമ്പർ)



**സി. സുനിൽ കുമാർ**
(മെമ്പർ)



**എ.പി. റസിയ**
(മെമ്പർ)



**സി. ഷബ്ന ജെയസൽ**
(മെമ്പർ)



**കെ. ശരീഫ**
(മെമ്പർ)



**സി. ഭാസ്കരൻ**
(മെമ്പർ)



**എം.കെ ശരീഫ**
(മെമ്പർ)



**ബി.പി.മറിയം**
(മെമ്പർ)



**പി. മുഹമ്മദ്ഷാ ഹാജി**
(മെമ്പർ)



**കെ. അലി**
(മെമ്പർ)



**എൻ.കെ. ചന്ദ്രമതി**
(മെമ്പർ)

**കെ.പി ദേവാനന്ദ്**
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)

**ഒ. പ്രസന്നൻ**
(കൃഷി ഓഫീസർ, & പ്ലാൻ കോ ഓർഡിനേറ്റർ)

# 2011 - 2012

# വർക്കിംഗ് ഗ്രൂപ്പുകൾ

**1. നീർത്തട പരിപാലനം**
**(കൃഷി, പരിസ്ഥിതി, ജലസേചനം, മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം എന്നിയും ബന്ധപ്പെട്ട മേഖലയും ഉൾപ്പെടെ)**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **പി.ശാന്ത**<br>പ്രസിഡന്റ്, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർമാൻ | : | **കെ.അലി**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **ഒ.പ്രസന്നൻ**<br>കൃഷി ഓഫീസർ, വാഴക്കാട് |

**2. പ്രാദേശിക സാമ്പത്തിക വികസനം**
**(കൃഷി ഒഴികെയും പ്രാദേശിക വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങളുടെ പ്രോത്സാഹനം, വായ്പാസമാഹരണം തുടങ്ങിയവ ഉൾപ്പെടെയും)**

| | | |
|---|---|---|
| ചെയർമാൻ | : | **പി.കെ.റഫീക്ക് അഫ്സൽ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പി.എൻ അനാമയൻ**<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഢഋഛ) |

വാഴക്കാട്

**3. ദാരിദ്ര ലഘൂകരണം (ഭവന നിർമ്മാണം ഉൾപ്പെടെ)**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **പി.ശാന്ത**<br>പ്രസിഡന്റ്, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **എൻ.കെ.ചന്ദ്രമതി**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **ടി.ജമാലുദ്ദീൻ**<br>മെമ്പർ സെക്രട്ടറി, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (CDS), വാഴക്കാട് ഗ്രാമ പഞ്ചായത്ത് |

**4. പട്ടികജാതി വികസനം**

| | | |
|---|---|---|
| ചെയർമാൻ | : | **സി.സുനിൽകുമാർ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പി.എൻ അനാമയൻ**<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (VEO) |

വാഴക്കാട്

**5. വനിതകളുടെയും ശിശുക്കളുടെയും വികസനം**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **കെ.ഷറഫുന്നീസ**<br>ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **കെ.പി.ബൽക്കീസ്**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പ്രമീള**<br>ഐ.സി.ഡി.എസ് സൂപ്രവൈസർ |

**6. ആരോഗ്യം**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **സി.ഷബ്ന ജൈസൽ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **ബി.പി.മറിയം**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **ഡോ. പി. അബ്ദുള്ള**<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വാഴക്കാട് |

**7. ജലവിതരണം, ശുചിത്വം, ഖരമാലിന്യ പരിപാലനം**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **എ.പി.റസിയ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർമാൻ | : | **പി.മുഹമ്മദ് ഷാ ഹാജി**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പി.എൻ അനാമയൻ**<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (VEO) |
| വാഴക്കാട് | | |

**8. വിദ്യാഭ്യാസം/സംസ്കാരം, കായിക-യുവജനകാര്യം**

| | | |
|---|---|---|
| ചെയർമാൻ | : | **എം.പി.അബ്ദുള്ള**<br>ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി,<br>വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **ശരീഫ.എം.കെ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **ടി.കെ.റഹ്മത്തുള്ള മാസ്റ്റർ**<br>ഹെഡ്മാസ്റ്റർ, ജി.എൽ.പി. സ്കൂൾ, എളമരം |

**9. പശ്ചാത്തല സൗകര്യങ്ങൾ**

| | | |
|---|---|---|
| ചെയർമാൻ | : | **പി.അബൂബക്കർ**<br>ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മറ്റി,<br>വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർമാൻ | : | **പി.കെ.റഫീക്ക് അഫ്‌സൽ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പി.സനൽകുമാർ**<br>അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി,<br>വാഴക്കാട് |

**10. സാമൂഹ്യ സുരക്ഷിതത്വം**
**(വൃദ്ധജനങ്ങൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായവരുടെ ക്ഷേമം ഉൾപ്പെടെ)**

| | | |
|---|---|---|
| ചെയർമാൻ | : | **ബീരാൻ ആക്കോട്**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **കെ.ശരീഫ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **പ്രമീള**<br>ഐ.സി.ഡി.എസ് സൂപ്രവൈസർ |

**11. ഊർജ്ജം**

| | | |
|---|---|---|
| ചെയർമാൻ | : | **സി.ഭാസ്ക്കരൻ**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| വൈസ് ചെയർപേഴ്സൺ | : | **എം.മറിയം**<br>മെമ്പർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **കെ.പി.ദേവാനന്ദ്**<br>സെക്രട്ടറി, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |

**12. ഭരണ നിർവ്വഹണ പദ്ധതി**

| | | |
|---|---|---|
| ചെയർമാൻ | : | **ആമിന ആലുങ്ങൽ**<br>വൈസ് പ്രസിഡന്റ്, വാഴക്കാട്<br>ഗ്രാമ പഞ്ചായത്ത് |
| കൺവീനർ | : | **കെ.പി.ദേവാനന്ദ്**<br>സെക്രട്ടറി, വാഴക്കാട് ഗ്രാമ പഞ്ചായത്ത് |

# 1. വികസന സ്ഥിതി വിശേഷം

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുതിയ നിയമം നില നില വിൽ വരുന്ന ശേഷം കർമ്മ നിരതമായ 15 വർഷം പിന്നിട്ട് 16-ാമത് വർഷത്തിലേക്ക് കട ന്നിരിക്കുന്നു നവംബർ 1ന് പുതിയ ഭരണ സമിതി നിലവിൽ വന്നത് ഏറെ സവിശേഷത കളോടെയാണ് വനിതാ സംവരണത്തിൽ വന്ന മാറ്റം വനിതാ മെമ്പർമാരുടെ എണ്ണത്തിലും ഭരണ സാരഥികളുടെ സ്ത്രീ പങ്കാളിത്തത്തിലും വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയത്. വാഴക്കാട് ഗ്രാമപഞ്ചായത്തിലെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് പദവികളും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ പദവിയും ഇപ്പോൾ കൈകാര്യം ചെയ്യുന്നത് വനിതാ പ്രതിനിധികളാണ്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് പദവികളിലേക്ക് ഇരട്ട റിസർവേഷൻ എന്ന അപൂർവ്വതയും നമുക്ക് ലഭിച്ചിരിക്കുന്നു. 19 ൽ 11 ലും വനിതകൾ തെരഞ്ഞെടുക്കപ്പെട്ടു എന്ന അംഗീകാരവും എടുത്ത് പറയാവുന്ന കാര്യമാണ്.

13 കിലോമീറ്റർ ചാലിയാർ അതിരിടുന്ന നമ്മുടെ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ 15 വർഷക്കാലയളവിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചത്. നമ്മുടെ നേട്ടത്തിന്റെ സിംഹഭാഗവും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലാണ് ചിലവഴിക്കപ്പെട്ടത്. എന്നാൽ പരാതികൾ ഏറെ നില നിൽക്കുന്നതും ഈ മേഖലയിൽ തന്നെ എന്നത് സ്വഭാ വികം മാത്രമാണ്. മൂന്നര ലക്ഷം രൂപ പഞ്ചായത്ത് വിഹിതം നൽകി നടപ്പിലാക്കുന്ന എം.എൽ.എയുടെ സമ്പൂർണ്ണ വൈദ്യുതി പദ്ധതി പ്രകാരം പഞ്ചായത്തിലെ അർഹത പ്പെട്ട എല്ലാവർക്കും ഗാർഹിക കണക്ഷൻ ലഭിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കി വരുന്നു.

പുതുതായി അധികാരമേറ്റ ഭരണസമിതിയുടെ മുമ്പിൽ വലിയ ഉത്തരവാദിത്വ മാണ് അർപ്പിക്കപ്പെട്ടിട്ടുള്ളത്. ഏറെ കാർഷിക പ്രാധാന്യമുണ്ടായിരുന്ന നമ്മുടെ പഞ്ചാ യത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മെച്ചപ്പെട്ടുവരുന്നുണ്ടെങ്കിലും കൂടുതൽ ശക്തമായ ഇടപെടലുകളുടെ ആവശ്യകത നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ 3 ഭരണ സമിതികളും ഈ രംഗത്ത് ഏറെ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. പരിശ്രമിച്ചാൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിക്കും ഇതിന് ആവശ്യമായ വിധം കർഷകർക്ക് പിന്തുണ നൽകുകയും ആവശ്യമായ അറിവുകൾ അവർക്കെത്തിച്ചു കൊടു ക്കുകയും കർഷക കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യാൻ നമുക്ക് സാധിക്കണം. രാസ വള കീടനാശിനികളുടെ അമിത പ്രയോഗം മൂലം വിഷലിപ്തമായ ആധുനിക കൃഷിരീ തിയെ പരമ്പരാഗത രീതിയിലേക്കും ജൈവ കൃഷി സമ്പ്രദായത്തിലേക്കും തിരിച്ചു കൊണ്ടുപോവേണ്ടത് ആവശ്യമാണ്.

ചാലിയാർ പുഴയുടെ തീരത്താണെങ്കിലും കുടിവെള്ള ക്ഷാമം കൂടുതൽ രൂക്ഷ മായി വരുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികൾക്ക് പുറമെ കൂടുതൽ പദ്ധതി കൾക്കായി ശക്തമായ ആവശ്യം ഉയർന്നുവരുന്നുണ്ട്. ചീക്കോട് കുടിവെള്ള പദ്ധതി കഴിയുന്നതും വേഗം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുകയാണ് ഇതി നുള്ള ഏക പരിഹാരം. ആവഴിക്കുള്ള ശ്രമങ്ങളിൽ നേരിയ പുരോഗതി ഈയിടെയുണ്ടാ യിട്ടുണ്ട്. അതോടൊപ്പം പുഴയുടെ സംരക്ഷണം. തീരവാസികൾ ഏറ്റെടുത്താലെ പദ്ധതി കൊണ്ടു പ്രയോജനമുണ്ടാകുകയുള്ളൂ എന്ന തിരിച്ചറിവും നമുക്കുണ്ടാവണം.

'സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി' എന്ന പേരിൽ നാം നടപ്പാക്കിയ പദ്ധതിയിലൂടെ വലിയ നേട്ടങ്ങളാണ് നമുക്കുണ്ടാകാൻ സാധിച്ചത്. കാലത്തിന്റെ മാറ്റ

ത്തിനനുസരിച്ച് പദ്ധതി പരിഷ്ക്കരിക്കുവാനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും നമുക്ക് സാധിക്കണം. ഗുണമേന്മ വർദ്ധിപ്പിക്കാനും ഹൈസ്കൂൾ, +2 വിദ്യാർത്ഥികൾക്ക് ദിശാബോധം നൽകുന്നവിധം പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാനും പുതിയ പദ്ധതികൾ ഉണ്ടാവണം. അതോടൊപ്പം നമ്മുടെ പഞ്ചായത്തിലെ ഉപരിപഠനം നേടിയ വിദ്യാർത്ഥികളെ പരീക്ഷകളിൽ അഭിരുചിയുള്ളവരും പുതിയ തൊഴിൽ സാധ്യതകൾ എത്തിപ്പിടിക്കാൻ കഴിവുള്ളവരാക്കി മാറ്റാൻ സാധിക്കുന്ന പ്രത്യേക വിദ്യാഭ്യാസ പരി പാടി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ സാധിക്കണം. വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭ ത്തിൽ തന്നെ കലാ കായിക ഇനങ്ങളിൽ മികവുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതും കാലാലയങ്ങളിൽ സാംസ്കാരിക പരിപാടികൾ കൂടുതൽ സജീവമാക്കുകയും സ്കൂൾ ലൈബ്രറികൾ നവീകരിക്കുകയും അവ വിദ്യാർത്ഥികൾ ഉപയോഗിക്കുകയും ചെയ്യണം.

കഴിഞ്ഞ 3 പദ്ധതി കാലയളവിൽ പഞ്ചായത്തിന്റെ സർവ്വ മേഖലകളും കാര്യമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇവ എത്രത്തോളം എന്നത് ഒരു കണക്കെടുപ്പിന് വിധേ യമാക്കേണ്ടതുണ്ട്. അടുത്ത വാർഷിക പദ്ധതിയുടെ തുടക്കത്തിൽ ഒരു സാമൂഹ്യ സാമ്പ ത്തിക ആരോഗ്യ വിദ്യാഭ്യാസ സർവ്വെ നടത്തി അതിലെ കണ്ടെത്തലുകൾക്കനുസൃത മായി അടുത്ത അഞ്ചു വർഷത്തെ വികസന പരിപാടികൾ നമുക്ക് ആവിഷ്ക്കരിക്കാൻ സാധിക്കണം.

ആരോഗ്യ രംഗത്തെയും വിദ്യാഭ്യാസ രംഗത്തെയും നേട്ടങ്ങൾ കണ്ടെ ത്തുന്നതോടൊപ്പം പോരായ്മകൾ മനസ്സിലാക്കി പദ്ധതികൾ പുനരാവിഷ്ക്കരിക്കാൻ ഇതാ വശ്യമാണ്. അലോപ്പതി, ആയുർവ്വേദ, ഹോമിയോ, യൂനാനി ഡിസ്പൻസറികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അലോപതി ഹോമിയോ ഡിസ്പൻസറികൾക്ക് ഭാഗി കമായും മറ്റുള്ളവക്ക് മുഴുവനായും മരുന്നുകൾ നൽകുന്നത് ഗ്രാമപഞ്ചായത്താണ്. ആലോ പ്പതി ഡിസ്പൻസറി അഡ്മിഷൻ സൗകര്യത്തോടെ ആശുപത്രി ആക്കി ഉയർത്തണ മെന്ന ആവശ്യം ഇപ്പോഴും യാഥാർത്ഥ്യമാവാതെ തുടരുകയാണ്. ആരോഗ്യ രംഗത്തെ പഞ്ചായത്തിന്റെ ഇടപെടൽ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ തുടർച്ചയായി നടത്തുന്നതിനും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് പ്രത്യേകമായി ഇവ നട പ്പാക്കുന്നതിനും പദ്ധതികളിൽ ഇടം നൽകേണ്ടതുണ്ട്.

## 2. കഴിഞ്ഞ വർഷത്തെ നേട്ടങ്ങൾ

പഞ്ചായത്തിലെ റോഡുകളുംനടപ്പാതകളും അഭിവൃദ്ധിപ്പെടുത്തുന്നതിലും ഉപ രിതലം മെച്ചപ്പെടുത്തുന്നതിലും മുന്തിയ പരിഗണ നൽകിയിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പര മാവധി തൊഴിൽ ദിനങ്ങൾ ലഭിച്ചുവരുന്നു. വാഴക്കാട് പി.എച്ച്.സി, എടവണ്ണപ്പാറ യൂനാനിഡിസ്പൻസറി, ആക്കോട് ആയുർവ്വേദ ഡിസ്പൻസറി എന്നിവക്കായി മരുന്ന് വാങ്ങാൻ 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അംഗനവാടി പോഷകാഹാരത്തിന് മുന്തിയ പരിഗണന നൽകി വരുന്നു ഇതി നായി വികസന ഫണ്ടിനത്തിൽ 20 ലക്ഷം രൂപ കഴിഞ്ഞ വർഷം വകയിരുത്തി ചെലവ ഴിച്ചു വരുന്നു. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 5 ലക്ഷം രൂപ യാണ് കഴിഞ്ഞ വർഷം വകയിരുത്തിയത്. വീട് റിപ്പയറിംഗ് ഇനത്തിൽ കഴിഞ്ഞ വർഷം 20 ലക്ഷം രൂപ വകയിരുത്തി ചിലവഴിച്ചു വരുന്നു.

ഇ.എം.എസ്. ഭവന പദ്ധതിയിൽ കഴിഞ്ഞ വർഷങ്ങളിൽ 57 ലക്ഷം രൂപ വകയിരുത്തുകയും ഇതിൽ 15 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി. വിഭാഗത്തിൽപെട്ട ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. ആശ്രയ പദ്ധതിയിലുൾപ്പെട്ടവർക്ക് ഭക്ഷണവും മരുന്നിനുമായി കഴിഞ്ഞ വർഷം വകയിരുത്തിയ 9 ലക്ഷം രൂപ ചിലവഴിച്ചു വരുന്നു.

വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് കരുത്ത് പകരുന്നതിനായി കഴിഞ്ഞ കുറച്ചു വർഷങ്ങളായി പഞ്ചായത്ത് നടപ്പാക്കി വരുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കായി കഴിഞ്ഞ വർഷം 4.5 ലക്ഷം ചിലവഴിച്ചിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് കഴിഞ്ഞ വർഷം വകയിരുത്തിയ 8 ലക്ഷം രൂപ ചിലവഴിച്ചു വരുന്നു. വാഴക്കാട് പി.എച്ച്.സിയിൽ ലബോറട്ടറി നിർമ്മാണം പൂർത്തീകരിച്ചു.

## 3. കാഴ്ചപ്പാട്

നീർത്തടാധിഷ്ഠിത വികസ പദ്ധതിയിലൂടെ മണ്ണ്, ജല-സംരക്ഷണം, കാർഷിക വികസനം, സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി പരിഷ്ക്കരണം, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും ഏകോപനവും, കുടുംബശ്രീ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കലും, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തലും, സ്വയം തൊഴിൽ സംരംഭങ്ങളും ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കലും, തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതോടൊപ്പം അതിലൂടെ നാടിന് പൊതുവായ നേട്ടങ്ങൾ സൃഷ്ടിക്കാൻ സാധിക്കൽ തുടങ്ങിയവയൊക്കെയാണ് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്.

## 4. വികസന പദ്ധതി

പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, എന്നിവ ഉപയോഗിച്ചുണ്ടാകുന്ന വാർഷിക പദ്ധതികൾക്ക് പുറമെ തൊഴിലുറപ്പ് പദ്ധതിയും നമ്മുടെ ഗ്രാമത്തിന്റെ ചാലക ശക്തിയായി ഇപ്പോൾ പരിഗണിക്കപ്പെട്ടു വരുന്നു. എന്നാൽ ഈ സ്രോതസ്സുകളെല്ലാം പരമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയിൽ ആരോഗ്യ സമ്പുഷ്ടമായ പുരോഗതി കൈവരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

## 5. സാമൂഹ്യ ക്ഷേമവും പ്രത്യേക ഘടക പദ്ധതിയും

പഞ്ചായത്തിലെ പട്ടിക ജാതി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടിക ജാതി കോളനികളുടെ സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികളായ ഭവന നിർമ്മാണം, കുടിവെള്ളമെത്തിക്കൽ, പാശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയൊക്കെ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പലതും പൂർത്തിയായ കോളനികളുണ്ട്. ഭൂമി ശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തിന് കാര്യക്ഷമമായി ഇടപെടാൻ സാധിക്കാത്ത മേഖലകളും ഉണ്ട്. നാമമാത്രഭൂവുടമകളായ പട്ടിക ജാതി കുടുംബങ്ങൾക്ക് വികസനാവശ്യങ്ങൾക്കാവശ്യമായ ഭൂമി കണ്ടെത്താൻ സാധിക്കാത്ത പ്രശ്നങ്ങളുണ്ട്. സമൂഹത്തിന്റെ പൊതുവായ ഉത്തരവാദിത്തമായി കണ്ട് ഇവക്ക് പരിഹാരം കാണാൻ ശ്രമിക്കേണ്ടതുണ്ട്. ചെറുവായൂർ-ക

ണ്ണത്തുംപാറ പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ ബന്ധപ്പെട്ടവർ അംഗീകരിച്ചുവെങ്കിലും പഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ ഇവർക്ക് തുക അനുവദിച്ചു കിട്ടിയിട്ടില്ല. എങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഇവർക്ക് വീടുകൾ അനുവദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഈ വിഭാഗത്തിലെ അർഹരായ എല്ലാവരെയും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

## 6. ശുചിത്വം

മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ സ്ഥലം ലഭിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. അറവു ശാല നിർമ്മിക്കാനും പഞ്ചായത്തിന് താൽപര്യമുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തിയാലെ ഇതും സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. പ്രധാന മാർക്കറ്റുകളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ ശീലങ്ങൾ വളർത്തുന്നതിനും വ്യാപാരികളുടെ സഹകരണവും സക്രിയമായ ഇടപെടലുകളും ആവശ്യമാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിനുള്ള പ്രവർത്തനങ്ങളും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. ആരോഗ്യ പ്രവർത്തകരുടെ കൂടുതൽ ശ്രദ്ധയും ബോധവൽക്കരണവും നിയമപരമായ നടപടികളും ഈ കാര്യത്തിൽ അനിവാര്യമായി മാറിയിരിക്കുന്നു.

## 7. ദാരിദ്ര നിർമ്മാജന ഉപപദ്ധതി

ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ നാം വളരെ മുമ്പെ ആരംഭിച്ചതാണെങ്കിലും ദാരിദ്ര്യം അനുഭവിക്കുന്നവർ ഇപ്പോഴും നമ്മുടെ സമൂഹത്തിൽ ഉണ്ട്. രാഷ്ട്രം നേടിയ നേട്ടങ്ങളുടെയും പുരോഗതിയുടെയും ഗുണഫലങ്ങൾ അനുഭവിക്കാൻ ഭാഗ്യം സാധിക്കാതെ പോയ വിവിധ കാരണങ്ങളാൽ ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ നിന്നും മോചനം ലഭിക്കാത്ത ഇവരെ കണ്ടെത്തി ഇവർക്ക് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിയും ലഭിക്കാൻ സഹായകമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ നമുക്ക് ബാധ്യതയുണ്ട്. ഈ ബാധ്യത നിർവ്വഹിക്കുന്നതിന് നമ്മുടെ ഗ്രാമത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പ്രൊജക്ടുകൾ തയ്യാറാക്കി അവ നടപ്പിലാക്കി വരുന്നു.

കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയാണ് ഈ ഉപ പദ്ധതിയുടെ ആസൂത്രണം നിർവ്വഹിക്കപ്പെടുന്നത്. പരമ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന ആശ്രയ പദ്ധതിയും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. ഇതിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം, ചികിത്സാ സഹായം, ഭവന നിർമ്മാണം, മറ്റ് സഹായങ്ങൾ എന്നിവയോടൊപ്പം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായങ്ങൾ തുടങ്ങിയവക്ക് പ്രൊജക്ടുകൾതയ്യാറാക്കിയിട്ടുണ്ട്.

## 8. പ്രാദേശിക സാമ്പത്തിക വികസനം

“വ്യക്തി വികസിച്ചാൽ കുടുംബം വികസിക്കും, കുടുംബങ്ങൾ വികസിച്ചാൽ ഗ്രാമം വികസിക്കും, ഗ്രാമങ്ങൾ വികസിച്ചാൽ രാജ്യം വികസിക്കും” എന്ന വികസന തന്ത്രം ഇന്ത്യക്ക് പ്രദാനം ചെയ്തത്. രാഷ്ട്ര പിതാവായ മഹാത്മജിയാണ് ഒരു പ്രദേ

ശത്ത് ലഭ്യമായ മനുഷ്യ ശക്തിയും മറ്റ് വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗവും മുഖേന വ്യക്തികളുടെ, കുടുംബത്തിന്റെ, സമൂഹത്തിന്റെ അതിജീവനം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളുടെ പൂർണ്ണതയാണ് പ്രാദേശിക സാമ്പത്തിക വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. '*സ്വയം പര്യപ്ത ഗ്രാമം*' എന്ന ഗാന്ധിയൻ സ്വപ്നം യാഥാർത്ഥ്യമാക്കാൻ നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മാത്രമാണ് നാം ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

മറിച്ച് കാർഷിക മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചും നമുക്ക് മുന്നേറാൻ സാധിക്കണം. അതോടൊപ്പം സ്ഥിരമായ തൊഴിലും വരുമാനവും ലഭ്യമാവുന്ന തൊഴിൽ സംരംഭങ്ങൾ പ്രദേശികമായി വളർത്തി കൊണ്ടുവരാൻ സാധിക്കണം. ഇതിനാവശ്യമായ പരിശീലന പരിപാടികൾ, പരിശീലനങ്ങൾ എന്നി ലഭ്യമാക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം യു.പി. ഹൈസ്കൂൾ ക്ലാസ്സുകളിൽ തന്നെ ആരംഭിക്കണം. ഇതിനുള്ള പരിശ്രമങ്ങൾ ആക്കം കൂട്ടണം.

കുടുംബശ്രീ മുഖേന തുടക്കം കുറിച്ച മൈക്രോ സംരംഭങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിക്കാൻ ശ്രമം നടക്കുന്നുണ്ട്. പ്രദേശത്തിനനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തിന്റെ ശ്രമങ്ങൾക്ക് കരുത്ത് പകരാൻ എല്ലാവരും മുമ്പോട്ട് വരണം.

## 9. സംയോജനം

പിന്നിട്ട വർഷങ്ങളിലെ അനുഭവ സമ്പത്തും പദ്ധതി നടത്തിപ്പിലുണ്ടായ ജയപരാജയ പാഠങ്ങളും നമ്മുടെ മുമ്പിലുണ്ട്. പുതിയ സാധ്യതകൾ തുറന്നു വരുന്നു നിലവിലുള്ളവ മെച്ചപ്പെട്ടുവരുന്നു. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തോടുള്ള ജനങ്ങളുടെ സമീപനത്തിൽ മാറ്റം ആവശ്യമാണ്. വെല്ലുവിളികളെ അതി ജീവിക്കാനുള്ള കരുത്ത് ആർജ്ജിച്ചേ മതിയാവൂ. ഗ്രാമസഭകൾ ശക്തിപ്പെടണം. വിവിധ കർമ്മ സമിതികളുടെ കൂട്ടായ പ്രവർത്തനവും വിവിധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി രൂപീകരണവും നാം ലക്ഷ്യം വെക്കുന്നു.

## 10. മോണിറ്ററിംഗ്

കർമ്മ സമിതികൾ അതത് മേഖലയിലെ മോണിറ്ററിംഗ് സമിതിയായാണ് ഇപ്പോൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. പ്രൊജക്ടുകൾ തയ്യാറാക്കുന്നവർ തന്നെ അവയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത്. യഥാർത്ഥ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമാവും എന്നതാണ് ഇത്കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ ഇത് പൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഇതോടൊപ്പം പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മറ്റി, ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ ഗുണഭോക്തൃ പ്രതിനിധി എന്നിവരടങ്ങുന്ന ഒരു സമിതി മൊത്തത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ അതത് സമയങ്ങളിൽ കൈകൊള്ളുന്നതാണ്.

## 11. ഭരണ നിർവ്വഹണ നവീകരണ പദ്ധതി

പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ചതും ഓഫീസ് സംവിധാനം വാഴക്കാട് അങ്ങാടിയിലേക്ക് മാറ്റി സ്ഥാപിക്കാനായതും ഭരണ നിർവ്വഹണ രംഗത്ത് ഗുണ പരമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. എന്നാൽ വർദ്ധിച്ച ജോലി ഭാരത്തിന് അനു സൃതമായി ഉദ്യോഗസ്ഥ സംവിധാനം മെച്ചപ്പെടുത്താൻ സാധിക്കാത്തത് പ്രായോഗിക മായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. വിട്ട്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരും പഞ്ചാ യത്ത് ഓഫീസിൽ നിലവിലുള്ള ജീവനക്കാരും തമ്മിൽ ഒരു കൂട്ടായ്മയുടെ അഭാവം പ്രകടമാണ്. പരിശീലനത്തിന്റെ അഭാവവും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ചില രുടെ വൈമനസ്സ്യവും പ്രവർത്തനങ്ങളിൽ പോരായ്മകൾ സൃഷ്ടിക്കുന്നുണ്ട്. സേവന രംഗം സുധാര്യവും കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ വേണ്ടി രൂപം നൽകിയ ഫ്രണ്ട്ഓഫീസ് സംവിധാനം പരാതികൾക്കിടവരാത്തവിധം കാര്യക്ഷമമായി പ്രവർത്തി ക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥ സംവിധാനത്തിലെ കുറവുകൾ പരിഹരിച്ചാൽ മാത്രമെ ഈ ആശയം യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ഓഫീസ് പ്രവർത്തനം പലപ്പോഴും നിർവ്വഹിക്കപ്പെടുന്നത് താൽകാലിക ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ്. ഈ അവസ്ഥ മാറ്റിയെടുക്കാനും ഫ്രണ്ട്ഓഫീസ് സംവിധാനം ശക്തിപ്പെടുത്താനും നടപടി കൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം പൗരാവകാശരേഖ നവീകരിക്കുന്നതിനും, പൗരാ വകാശരേഖ പൗരന് നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടാനുള്ള ദൃഢനിശ്ചയം ഭരണസ മിതി കൈകൊള്ളുകയും അവ യാഥാർത്ഥ്യമാക്കാനുള്ള ഇച്ഛാശക്തി ജീവനക്കാർ പ്രക ടിപ്പിക്കുകയും ചെയ്യണം. വൈകാതെ ഇവയൊക്കെ സ്വാർത്ഥമാക്കാൻ ഭരണസമിതി ശ്രമം തുടരുന്നു.

'*ഭരണ രംഗം അഴിമതിവിമുക്തമാക്കുക*' എന്നതാണ് ഭരണ നിർവ്വഹണ നവീ കരണ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ഫ്രണ്ട്ഓഫീസ് സംവിധാനം ഇതിലേക്കുള്ള ഒരു ചുവടുവെപ്പ് മാത്രമാണ്. ആഗോളതലത്തിലും, ദേശീയ തലത്തിലും, സംസ്ഥാനത ലത്തിലും അഴിമതി ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഈ ചർച്ചകളിൽ സജീവമായി പങ്കെടുക്കുന്ന നമുക്ക് സ്വയം അഴിമതി നടത്താതെയും നമ്മുടെ ഗ്രാമത്തെ അഴിമതി മുക്ത ഗ്രാമമാക്കി മാറ്റാനും ശ്രമിച്ചുകൂടെ!

രാജ്യം കണ്ട വിപ്ലവകരമായ ഒരു നിയമ നിർമ്മാണമാണ് വിവരാവകാശ നിയമം. എന്നാൽ ഇതിന്റെ ദുരുപയോഗം ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പോലും വിപരീതമായി ബാധിക്കുന്നു. ഇങ്ങനെ പ്രവർത്തിക്കുന്നവരെ ബന്ധപ്പെട്ടവർ നിയന്ത്രി ക്കുന്നത് ഓഫീസിന്റെ പ്രവർത്തനം സുഖമമാക്കാൻ സഹായകമാവും.

# വാഴക്കാട് ഗ്രാമപഞ്ചായത്ത്

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം

### 2011–12 വാർഷിക പദ്ധതിയിൽ ലഭ്യമാക്കുന്ന തുക

| വികസന ഫ് | |
|---|---|
| പൊതുവിഭാഗം | 89,58,000 |
| പ്രത്യേക ഘടക പദ്ധതി (SCP) | 45,41,000 |
| ആകെ | 1,34,99,000 |

| മെയിന്റനൻസ് ഫ് | |
|---|---|
| റോഡിതരം | 18,29,000 |
| റോഡ് | 7,06,000 |
| ആകെ | 25,35,000 |

## തനത് ഫ്

| | |
|---|---|
| ആകെ (പദ്ധതിക്ക് വകയിരുത്തുന്നത്) | 50,00,000 |

## മേഖല വിഭജനത്തിൽ പെടാത്ത പ്രൊജക്ടുകൾ

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | ജനറൽ | SCP | ആകെ |
|---|---|---|---|---|
| 1 | ആശ്രയ പദ്ധതി | 6,00,000 | 4,00,000 | 10,00,000 |
| 2 | അംഗനവാടി പോഷകാഹാരം | 15,00,000 | — | 15,00,000 |
| 3 | എസ്.എസ്.എ വിഹിതം | 9,37,000 | — | 9,37,000 |
| 4 | ഇ.എം.എസ് ഭവനപദ്ധതി | 13,81,000 | 7,00,000 | 20,81,000 |
| | **ആകെ** | **44,18,000** | **11,00,000** | **5,18,000** |

## മേഖലതിരിച്ചുള്ള ഫിന്റെ വിവരങ്ങൾ

| മേഖല | ജനറൽ | SCP |
|---|---|---|
| ഉൽപാദനം | 13,62,000 | 24,08,700 |
| സേവനം | 18,16,000 | |
| പശ്ചാത്തലം | 13,62,000 | 10,32,300 |

## പ്രത്യേകമായി മാറ്റിവെക്കേ തുക

| | |
|---|---|
| വൃദ്ധ വികലാംഗ ക്ഷേമം (5%) | 6,74,950 |
| വനിതാക്ഷേമം (10%) | 13,49,900 |

# വാഴക്കാട് ഗ്രാമപഞ്ചായത്ത്
## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
### കരട് പദ്ധതി രേഖ 2011-12

**ഉൽപാദന മേഖല (പൊതുവിഭാഗം)**

| ക്രമനം. | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | സമഗ്ര കാർഷിക ഇടപെടൽ | 8,62,000 |
| 2 | കണ്ണിയത്ത് താഴം കുനിമ്മൽ നടുത്തോട് റിപ്പയർ | 1,00,000 |
| 3 | കൃഷി ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം | 3,00,000 |
| 4 | വനിതകൾക്ക് കോഴിവളർത്തൽ പദ്ധതി | 1,00,000 |
| 5 | കന്നുകുട്ടി പരിപാലനം | 1,42,500 |

**സേവന മേഖല (പൊതുവിഭാഗം)**

| ക്രമനം. | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | വൃദ്ധക്ഷേമം | 1,00,000 |
| 2 | രോഗപ്രതിരോധം | 75,000 |
| 3 | പരിരക്ഷ | 3,00,000 |
| 4 | വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ് | 5,00,000 |
| 5 | അംഗനവാടി പ്രവർത്തകരുടെ ഹോണറേറിയം | 83,700 |
| 6 | പൊതുശ്മശാനം സ്ഥലം വാങ്ങൽ | 1,00,000 |
| 7 | അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ | 1,00,000 |
| 8 | അറവുശാല നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | 1,00,000 |
| 9 | സമഗ്ര വിദ്യാഭ്യാസ പദ്ധതി | 4,00,000 |
| 10 | പദ്ധതി രൂപീകരണം | 75,000 |
| 11 | തെങ്ങ്കയറ്റ തൊഴിലാളികൾക്ക് ഇൻഷൂറൻസ് | 10,000 |
| 12 | തെരുവ് വിളക്ക് റിപ്പയർ | 1,50,000 |
| 13 | പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ | 3,50,000 |
| 14 | അംഗനവാടികൾ വൈദ്യുതീകരിക്കൽ | 1,00,000 |

| | | |
|---|---|---|
| 15 | വീട് പുനരുദ്ധാരണം (വനിത) | 4,27,500 |
| 16 | വീട് പുനരുദ്ധാരണം (ജനറൽ) | 4,27,500 |
| 17 | അംഗനവാടി കലാമേള | 30,000 |
| 18 | ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ | 75,000 |
| 19 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 1,00,000 |
| 20 | ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 75,000 |
| 21 | ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 3,00,000 |
| 22 | ഗവ.യുനാനി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 3,00,000 |
| 23 | വനിതാ മെമ്പർമാർക്ക് വിശ്രമമുറി നിർമ്മിക്കൽ | 1,00,000 |
| 24 | അംഗനവാടികൾക്ക് ഉപകരണങ്ങളും, ഫർണീച്ചറുകളും, കളിക്കോപ്പുകളും വാങ്ങൽ | 3,00,000 |
| 25 | അംഗനവാടി, എൽ.പി സ്കൂൾ പാചകതൊഴിലാളികൾക്ക് യൂണിഫോം നൽകൽ | 50,000 |
| 26 | കുടുംബശ്രീ ആഭിമുഖ്യത്തിൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കൽ | 3,00,000 |
| 27 | വ്യവസായിക ആവശ്യത്തിനായി സ്ഥലം വാങ്ങൽ | 1,00,000 |
| 28 | സമഗ്ര ആരോഗ്യ വിദ്യാഭ്യാസ സർവ്വെ നടത്തൽ | 50,000 |
| 29 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വിവധ സ്ഥലങ്ങൾ കമ്പി വേലി കെട്ടി സംരക്ഷിക്കൽ | |
| 30 | പഞ്ചായത്താഫീസിലേക്ക് ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങൽ | |
| 31 | അസി.എഞ്ചിനിയർ, വി.ഇ.ഒ ആഫീസുകളിലേക്ക് ഫർണീച്ചറുകൾ വാങ്ങൽ | |
| 32 | കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിനായി സ്റ്റാൾ നിർമ്മിക്കൽ | |
| 33 | പി.എച്ച്.സി ക്ക് പുറകുവശത്ത് ചുറ്റുമതിൽ നിർമ്മാണം | |
| 34 | തിരുവാലൂർ കളത്തിങ്ങൽ കുടിവെള്ള പദ്ധതി | |
| 35 | ഗവ.ഹോമിയോ ഡിസ്പെൻസറി കിണർ നിർമ്മാണം | |
| 36 | തടായിൽ ചെറുവള്ളിശീരി പേടേങ്ങൽ കുടിവെള്ളപദ്ധതി | |
| 37 | കരിയാത്തൻകുഴി ചെറുവട്ടുപുറം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | |
| 38 | എളമരം അംഗനവാടി റിപ്പയറും, ചുറ്റുമതിൽകെട്ടി സംരക്ഷിക്കലും | |

39 വെട്ടത്തൂർ ജി.എൽ.പി സ്കൂളിൽ കഞ്ഞിപ്പുര നിർമ്മിക്കൽ
40 കിളിക്കത്തെടായി അംഗനവാടി റിപ്പയർ
41 ചാലിയപ്രം ജി.യു.പി സ്കൂളിലെ ക്ലാസ് റൂം നിർമ്മാണം പൂർത്തീകരണം
42 കരിങ്ങാലിപറമ്പ് അംഗനവാടി കെട്ടിട നിർമ്മാണം
43 ചീടിപ്പൊറ്റ അംഗനവാടി റിപ്പയർ
44 വാപ്പാൽതൊടി കുടിവെള്ള പദ്ധതി
45 അനന്തായൂർ അംഗനവാടി റിപ്പയർ

## പശ്ചാത്തല മേഖല (പൊതുവിഭാഗം)

| ക്രമനം. | പ്രൊജക്ടിന്റെ പേര് |
|---|---|
| 1 | കോടിയമ്മൽ ചൂരപ്പട്ട റോഡ് ടാറിംഗ് |
| 2 | തെക്കേകെണ്ടി റോഡ് |
| 3 | കുന്തിരിയാട്ട് കുഴി നടപ്പാത പൂർത്തീകരണം |
| 4 | മണ്ണംപറമ്പ് പൂളക്കലോടി റോഡ് |
| 5 | മുണ്ടുമുഴി മുതുകുളം റോഡ് ടാറിഗ് |
| 6 | മുണ്ടുമുഴി കാവാട്ട് മേപ്പത്തൂർ റോഡ് |
| 7 | ചെറുവട്ടൂർ നെരോത്ത് എം.എൽ.എ റോഡ് |
| 8 | കുളത്ത്പുറത്ത് കരുവാടി നെരോത്ത് റോഡ് |
| 9 | മൈലഞ്ഞോട്ട് താഴം യതീംഖാന റോഡ് പൂർത്തീകരണം |
| 10 | ചീനിബസാർ മണന്തലക്കടവ് റോഡ് റീ ടാറിംഗ് |
| 11 | വാലില്ലാപുഴ അംഗനവാടി നടപ്പാത നിർമ്മാണം |
| 12 | വാലില്ലാപുഴ കരിതൊടിക റോഡ് |
| 13 | കൈതക്കൽ ചോലക്കര റോഡ് |
| 14 | ചോലക്കര മണ്ണാർക്കുഴി റോഡ് |
| 15 | പനമ്പുറം വെളുമ്പിലാംകുഴി റോഡ് |
| 16 | കൊന്നാര് നടപ്പാത പൂർത്തീകരണം |
| 17 | തെയ്യമ്പാടി പനച്ചിപറമ്പ് റോഡ് പൂർത്തീകരണം |
| 18 | പാലക്കുഴി മണ്ണാത്തികടവ് റോഡ് കോൺക്രീറ്റ് |
| 19 | മനാട്ട് കാര്യോട്ട് റോഡ് ടാറിംഗ് |
| 20 | പേങ്ങാട്ട് മനാട്ട് റോഡ് |
| 21 | പാഞ്ചീരി ആണാട്ട് റോഡ് കോൺക്രീറ്റ് |

22 ഒരലാശേരി വടക്കേടത്ത് റോഡ്

23 അരങ്ങ്തൊടിക കുറങ്ങോട്ടിൽ റോഡ് കോൺക്രീറ്റ്

24 കോലോത്തുംകടവ് പണിക്കരപുറായ റോഡ്

25 പഴംകുളം പള്ളിപറമ്പ് റോഡ്

26 എളാംകുഴി നടുക്കലകണ്ടി മാട്ടുപുറം റോഡ്

27 പുതുവായി ചോലക്കൽ റോഡ്

28 കണ്ണത്തുംപാറ ഓട്ടുപാറ റോഡ്

29 മാട്ടത്തൊടി വേലീരിപ്പൊറ്റ റോഡ്

30 തിരുവാലൂർ മമ്മട്ടം ചോല റോഡ്

31 പൊന്നംപള്ളി ചക്കുംപൂള റോഡ്

32 കെ.എം.അബ്ദുള്ള മെമ്മോറിയൽ കാമ്പ്രത്തിക്കുഴി റോഡ്

33 മാരാമുക്ക് നൂഞ്ഞിക്കര റോഡ്

34 കൊടുവാംപറമ്പത്ത് താഴം ചക്കുംപൂള റോഡ്

35 ചൂരപ്പട്ട കോടിയമ്മൽ റോഡ് ടാറിങ്ങ്

36 ചെറിയേടത്ത് പള്ളിയാളി കോടിയമ്മൽ റോഡ് ടാറിങ്ങ്

## ഉൽപാദന സേവന മേഖല (എസ്.സി.പി)

| ക്രമനം. | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | വീട് വയറിംഗിന് ധനസഹായം | 2,00,000 |
| 2 | വിവാഹ ധനസഹായം | 6,00,000 |
| 3 | വീട് പുനരുദ്ധാരണം | 4,00,000 |
| 4 | വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ് | 1,00,000 |
| 5 | എസ്.സി ശ്മശാനം സ്ഥലം വാങ്ങൽ | 1,00,000 |
| 6 | തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം | 1,00,000 |
| 7 | ഫാഷൻ ടെക്നോളജി പരിശീലനം | 1,00,000 |
| 8 | എസ്.സി ശ്മശാനങ്ങളുടെ അറ്റകുറ്റപണിയും, ചുറ്റുമതിൽ കെട്ടി സംരക്ഷിക്കലും | 5,00,000 |
| 9 | ചീനക്കുഴി തുവ്വക്കാട്ട് മൂല എസ്.സി കുടിവെള്ള പദ്ധതി | |
| 10 | കാമശീരി കുഴിമുള്ളി കോളനി കുടിവെള്ളപദ്ധതി | |

## പശ്ചാത്തല മേഖല (എസ്.സി.പി)

| ക്രമനം. | പ്രൊജക്ടിന്റെ പേര് |
|---|---|
| 1 | ഉമ്മറോട്ട് പുള്ളിശീരി റോഡ് |
| 2 | കോഴിക്കോടൻകുഴി ചേലാട്ടുമ്മൽ എസ്.സി കോളനി റോഡ് |
| 3 | വാലില്ലാപുഴ കുന്നത്ത് ശ്മശാനം റോഡ് |
| 4 | പാലക്കുഴി എസ്.സി കോളനി റോഡ് |
| 5 | തെക്കേമൂല കോളനി റോഡ് കോൺക്രീറ്റ് |
| 6 | കോണത്ത് എസ്.സി കോളനി റോഡ് ടാറിംഗ് |
| 7 | പാലപ്ര എസ്.സി കോളനി റോഡ് കോൺക്രീറ്റ് |
| 8 | കുളങ്ങരപുറായി അമ്പലപുറായി റോഡ് |
| 9 | കാമ്പ്രത്തിക്കുഴി കാരയിൽ റോഡ് |
| 10 | പിലാത്തോട്ടത്തിൽ നടപ്പാത |
| 11 | ദേവസ്വം പറമ്പ് താഴം തുവ്വക്കാട്ട് മൂല റോഡ് ടാറിങ്ങ് |